# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:3027** **07.12.2018-ൽ മറുപടിയ്ക്ക്**

**മദ്യവിൽപനയിലൂടെ ലഭിച്ച നികുതി വരുമാനം**

| **ചോദ്യം**<br>**ശ്രീ.എൻ.ഷംസുദ്ദീൻ** | **ഉത്തരം**<br>**ശ്രീ.ടി.പി.രാമകൃഷ്ണൻ**<br>**തൊഴിലും എക്സൈസും വകുപ്പുമന്ത്രി** |
|---|---|
| (എ) മദ്യവിൽപനയിലൂടെ 2016-17, 2017-18 സാമ്പത്തിക വർഷത്തിൽ ലഭിച്ച നികുതി വരുമാനം എത്രയാണെന്ന് വ്യക്തമാക്കുമോ; | എ) മദ്യവിൽപ്പനയിലൂടെ 2016-17 സാമ്പത്തിക വർഷത്തിൽ നികുതിയായും തീരുവയായും കെ.എസ്.ബി.സിയ്ക്ക് 10,353 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 11,024 കോടി രൂപയും ലഭിച്ചിട്ടുണ്ട്. |
| (ബി) ഓരോ വർഷവും മദ്യവിൽപനയിലൂടെ നികുതി വരുമാനം വർദ്ധിക്കുന്നത് മദ്യ ഉപഭോഗം കൂടുന്നത് കൊണ്ടാണ് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകുമോ? | ബി) 2017-18 ലെ വിൽപ്പന 2016-17 ഉം ആയി താരതമ്യം ചെയ്യുമ്പോൾ ഇന്ത്യൻ നിർമ്മിത വിദേശ മദ്യത്തിന്റെ വിൽപ്പന 3.10 ലക്ഷം പെട്ടി കൂടിയിട്ടുണ്ട്. എന്നാൽ ബിയറിന്റെ വിൽപ്പന 34.71 ലക്ഷം പെട്ടി കുറഞ്ഞിട്ടുമുണ്ട്. മദ്യ വിൽപ്പനയിലൂടെ നികുതി വരുമാനം വർദ്ധിക്കുന്നതിന് പ്രോഫിറ്റ് മാർജിൻ കൂട്ടിയതും, മദ്യത്തിന്റെ വില കൂട്ടിയതും കാരണമാകുന്നു. 2016-17 മുതൽ കെ.എസ്.ബി.സി മൊത്ത വ്യാപാര പ്രോഫിറ്റ് മാർജിൻ 24%-ൽ നിന്നും 29% ആക്കി ഉയർത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായി എം.ആർ.പി കൂടുകയും, ആയത് മൂലം 2017-18-ൽ 2016-17 നെ അപേക്ഷിച്ച് റവന്യൂ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. കൂടാതെ 01.11.2017 മുതൽ 7% വില വർദ്ധനവ് പർച്ചേസ് വിലയിന്മേൽ നടപ്പിലാക്കി. ഇതുമൂലവും 2017-18 വർഷത്തിൽ റവന്യൂ വരുമാനം കൂടിയിട്ടുണ്ട്. |

Santhosh

**സെക്ഷൻ ഓഫീസർ**